(സി) ശിക്ഷാ നടപടികൈക്കെതിരെ ജീവനക്കാർ സമർപ്പിക്കുന്ന പരാതികളിൻമേൽ തീർപ്പുകൽപ്പിക്കുന്നതിന് കാലതാമസം വരുത്തുന്നതിനെക്കുറിച്ച് അന്വേഷിക്കുമോ; ഇതിനായി സമയബന്ധിത സംവിധാനം ആവിഷ്കരിക്കുമോ?

ഉത്തരം

(എ, ബി) ഉണ്ട്.

ജില്ല	ലഭിച്ച പരാതികളുടെ എണ്ണം	തീർപ്പാക്കിയവയുടെ എണ്ണം
തിരുവനന്തപുരം	14	7
കൊല്ലം	3	1
കോട്ടയം	13	6

വിശദാംശം അനുബന്ധമായി കൊടുത്തിട്ടുണ്ട്. †

(സി) ശിക്ഷാ നടപടികൈക്കെതിരെയുള്ള പരാതി തീർപ്പാക്കുന്നതിൽ കാലതാമസം വരുന്നതായി പരാതി ലഭിച്ചാൽ അന്വേഷിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

109 [2978] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി എന്നുമുതൽ എന്നുവരെയാണ് നടപ്പാക്കിയതെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം ഇതിന്റെ ഗുണം ലഭിച്ചവരുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 1-10-2001 മുതൽ 31-3-2005 വരെയാണ് നടപ്പാക്കിയത്.

(ബി) ജില്ല തിരിച്ചുള്ള കണക്ക് താഴെ പറയും പ്രകാരമാണ്:

ജില്ല	ഗുണഭോക്താക്കളുടെ എണ്ണം
തിരുവനന്തപുരം	53753
കൊല്ലം	60127
ആലപ്പുഴ	20149
പത്തനംതിട്ട	24956
കോട്ടയം	36870
ഇടുക്കി	24288
എറണാകുളം	55223
തൃശ്ശൂർ	40667

† അനുബന്ധം X

LIBRARY ARCHIVES Kerala Legislative Assembly

പാലക്കാട്	..	43659
മലപ്പുറം	..	42194
കോഴിക്കോട്	..	43621
വയനാട്	..	9112
കണ്ണൂർ	..	49767
കാസർഗോഡ്	..	38923

വിഴിഞ്ഞം തുറമുഖവികസനം

110 [2979] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ വികസനത്തിനായി എത്ര സംരംഭകരാണ് സർക്കാരിനെ സമീപിച്ചിട്ടുള്ളത്;

(ബി) തുറമുഖത്തിന് അനുബന്ധമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുവേണ്ടി സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) നാളിതുവരെ 23 സംരംഭകർ താൽപര്യം പ്രകടിപ്പിച്ച് ഒഴുകുസുകൾ സമർപ്പിക്കുവാൻ റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ (ആർ. എഫ്. പി.) രേഖകൾ വാങ്ങിയിട്ടുണ്ട്,

(ബി) തുറമുഖത്തിന് അനുബന്ധമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുവേണ്ടി സർക്കാർ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. സർക്കാരിന്റെ പൂർണ്ണ നിയന്ത്രണത്തിലുള്ള വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് എന്ന പേരിലുള്ള ഒരു കമ്പനി 2004 ഡിസംബറിൽ രൂപീകരിക്കുകയുണ്ടായി. ഈ പ്രത്യേകോദ്ദേശ കമ്പനിയുടെ ചെയർമാൻ മുഖ്യമന്ത്രിയും, വൈസ് ചെയർമാൻ സഹകരണ-തുറമുഖവകുപ്പ് മന്ത്രിയുമാണ്. ധനമന്ത്രി, ജലവിഭവമന്ത്രി, ചീഫ് സെക്രട്ടറി, സർക്കാരിന്റെ ഉപദേഷ്ടാവ്, സഹകരണ-തുറമുഖ വകുപ്പ് സെക്രട്ടറി എന്നിവർ ബോർഡിലെ മറ്റ് അംഗങ്ങളാണ്.

2. തുറമുഖവുമായി ബന്ധിപ്പിക്കുന്ന റെയിൽവേ ലൈൻ സ്ഥാപിക്കുന്നതിന് സതേൺ റെയിൽവേയോട് കേരള സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്. ദേശീയ പാതയുമായി ബന്ധിപ്പിക്കുന്ന റോഡ് വികസനത്തിനായി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയവുമായി ബന്ധപ്പെട്ടിട്ടുണ്ട്. മറ്റ് അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, ജലവിതരണം തുടങ്ങിയവ ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള പ്രാരംഭ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

അഴീക്കൽ തുറമുഖ വികസനം

111 [2980] ശ്രീ. എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ അഴീക്കൽ തുറമുഖവികസനത്തിന് സർക്കാരിന്റെ മുമ്പിലുള്ള അടിയന്തിര നിർദ്ദേശങ്ങൾ എന്തൊക്കെയാണ്;

LIBRARY ARCHIVES Kerala Legislative Assembly